## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2884

10.12.2014-ലെ മറുപടിയ്ക്ക്

### കോതമംഗലത്ത് ടൂറിസം വകുപ്പിന്റെ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.യു.കുരുവിള | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കോതമംഗലം നിയോജക മണ്ഡലത്തിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളായ ഭൂതത്താൻകെട്ട്, തട്ടേക്കാട്, നേര്യമംഗലം എന്നിവിടങ്ങളിൽ കൂടുതൽ ടൂറിസം അമിനിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനും ടൂറിസ്റ്റുകൾക്കാവശ്യമായ സൗകര്യങ്ങൾ ചെയ്ത് നൽകുന്നതിനും നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) കോതമംഗലം നിയോജക മണ്ഡലത്തിലെ നേര്യമംഗലം ടൂറിസ്റ്റ് കേന്ദ്രത്തിൽ ടൂറിസ്റ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടി ബോട്ട് ജെട്ടി, ചിൽഡ്രൻസ് പ്ലേ ഏരിയ, എൻട്രൻസ് ഗേറ്റ്, കാർ പാർക്കിംഗ് ഏരിയ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയ 2,30,00,000/- രൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ ഭൂതത്താൻകെട്ട് ടൂറിസം കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റുമായി കേന്ദ്ര ടൂറിസം വകുപ്പ് അനുവദിച്ച 2,35,40,000/- രൂപയുടെ പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) മൂന്നാർ ഹിൽ ടൂറിസ്റ്റ് കേന്ദ്രത്തിന്റെ കവാടമെന്നറിയപ്പെടുന്ന കോതമംഗലത്ത് ടൂറിസം വകുപ്പിന്റെ കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) പരിശോധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ